/120410/2023

## പത്രക്കുറിപ്പ്

### ഷോർട്ട് ഫിലിം മത്സരം

2023 ഡിസമ്പർ 3 ന് നടക്കുന്ന അന്താരാഷ്ട്ര ഭിന്നശേഷി ദിനാഘോഷത്തോട് അനുബന്ധിച്ച് സംസ്ഥാന തലത്തിൽ പൊതുവിഭാഗത്തിലായി ഒരു ഹ്രസ്വചിത്ര മത്സരം സംഘടിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഭിന്നശേഷിക്കാർ സമൂഹത്തിൽ നേരിടുന്ന വെല്ലുവിളികൾ തിരിച്ചറിയുന്നതിനും, അവകാശങ്ങൾ സംബന്ധിച്ച് ബോധവൽക്കരണം നടത്തുന്നതിനും, ഭിന്നശേഷിക്കാരായ വ്യക്തികളെ സമൂഹത്തിന്റെ മുഖ്യധാരയിലെത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിനും ലക്ഷ്യം വച്ചാണ് ഇത്തരത്തിൽ ഒരു ഹ്രസ്വചിത്ര മത്സരം സംഘടിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുള്ളത്. **"തനിച്ചല്ല നിങ്ങൾ ഒപ്പമുണ്ട് ഞങ്ങൾ"** എന്ന വിഷയത്തിലാണ് ഷോർട്ട് ഫിലിമുകൾ നിർമ്മിക്കേണ്ടത്. വ്യക്തിഗതമായോ ഗ്രൂപ്പായോ ഷോർട്ട് ഫിലിം തയ്യാറാക്കി മത്സരത്തിന് അയക്കാവുന്നതാണ്. ഒന്നും രണ്ടും മൂന്നും സ്ഥാനം നേടുന്ന മികച്ച ഷോർട്ട് ഫിലിമുകൾക്ക് യഥാക്രമം 50,000/- രൂപ (അമ്പതിനായിരം രൂപ), 25,000/- രൂപ (ഇരുപത്തായ്യിരം രൂപ), 10,000/- രൂപ (പതിനായിരം രൂപ) എന്നിങ്ങനെ സമ്മാനത്തുക നൽകുന്നതാണ്. തുടർന്ന് വരുന്ന മൂന്ന് ഷോർട്ട് ഫിലിമുകൾക്ക് സർട്ടിഫിക്കറ്റ് ഓഫ് അപ്രീസിയേഷൻ നൽകുന്നതുമായിരിക്കും. എൻട്രികൾ അയക്കേണ്ട **അവസാന തീയതി 2023 നവമ്പർ 5 ന് വൈകുന്നേരം 5 മണി.** unarvushortfilm@gmail.com എന്ന ഇ-മെയിൽ വിലാസത്തിലാണ് എൻട്രികൾ അയക്കേണ്ടത്. മത്സരവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ, നിബന്ധനകൾ എന്നിവ സാമൂഹ്യനീതി വകുപ്പിന്റെ www.sjd.kerala.gov.in എന്ന് വെബ്സൈറ്റിൽ ലഭ്യമാണ്. വിജയികൾക്കുള്ള സമ്മാനദാനം അന്താരാഷ്ട്ര ഭിന്നശേഷി ദിനമായ ഡിസമ്പർ 3 ന് നടക്കുന്ന സംസ്ഥാന പരിപാടിയുടെ വേദിയിൽ വച്ച് നൽകുന്നതാണ്.

സാമൂഹ്യനീതി ഡയറക്ടർ

SUBHASH KUMAR K V
Joint Director (PEN 211647)
Directorate of Social Justice
Thiruvananthapuram-33.

**സാമൂഹ്യനീതി വകുപ്പ്**

**അന്താരാഷ്ട്ര ഭിന്നശേഷി ദിനം - ഉണർവ്വ് - 2023**

**ഹ്രസ്വചിത്ര മത്സരം - 2023 (Short Film Competition - 2023)**

അന്താരാഷ്ട്ര ഭിന്നശേഷി ദിനമായ ഡിസമ്പർ 3 സാമൂഹ്യനീതി വകുപ്പിന്റെ നേതൃത്വത്തിൽ സമുചിതമായി ആഘോഷിക്കാറുണ്ട്. 2023 ഡിസമ്പർ 3 ന് നടക്കുന്ന അന്താരാഷ്ട്ര ഭിന്നശേഷി ദിനാഘോഷത്തോടനുബന്ധിച്ച് സംസ്ഥാനതലത്തിൽ പൊതുവിഭാഗത്തിലായി ഒരു ഹ്രസ്വചിത്ര മത്സരം സംഘടിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഭിന്നശേഷിക്കാർ സമൂഹത്തിൽ നേരിടുന്ന വെല്ലുവിളികൾ തിരിച്ചറിയുന്നതിനും, അവകാശങ്ങൾ സംബന്ധിച്ച് ബോധവൽക്കരണം നടത്തുന്നതിനും, ഭിന്നശേഷിക്കാരായ വ്യക്തികളെ സമൂഹത്തിന്റെ മുഖ്യധാരയിലെത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിനും ലക്ഷ്യം വച്ചാണ് ഇത്തരത്തിൽ ഒരു ഹ്രസ്വചിത്ര മത്സരം സംഘടിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുള്ളത്. മലയാള ഭാഷയിൽ തയ്യാർ ചെയ്ത് ഇംഗ്ലീഷിൽ സബ് ടൈറ്റിൽ വരുന്ന രീതിയിലായിരിക്കണം ഹ്രസ്വചിത്രം തയ്യാറാക്കേണ്ടത്. ഒന്നും രണ്ടും മൂന്നും സ്ഥാനം നേടുന്ന മികച്ച ചിത്രങ്ങൾക്ക് യഥാക്രമം 50,000/- രൂപ (അമ്പതിനായിരം രൂപ), 25,000/- രൂപ (ഇരുപത്തായ്യിരം രൂപ), 10,000/- രൂപ (പതിനായിരം രൂപ) എന്നിങ്ങനെ സമ്മാനത്തുക നൽകുന്നതാണ്. തുടർന്ന് വരുന്ന മൂന്ന് ചിത്രങ്ങൾക്ക് സർട്ടിഫിക്കറ്റ് ഓഫ് അപ്രീസിയേഷൻ നൽകുന്നതുമായിരിക്കും.

**<u>മത്സര നിബന്ധനകൾ</u>**

1. **ആർക്കൊക്കെ മത്സരിക്കാം** - സംസ്ഥാനത്തെ സന്നദ്ധ സംഘടനകൾ, വ്യക്തികൾ, വിദ്യാർത്ഥികൾ തുടങ്ങി പൊതുജനങ്ങളിൽ ആർക്കും മത്സരത്തിൽ പങ്കെടുത്ത് എൻട്രികൾ സമർപ്പിക്കാവുന്നതാണ്. വ്യക്തിഗതമായോ ഗ്രൂപ്പായോ ഹ്രസ്വചിത്രം തയ്യാറാക്കി അയക്കാവുന്നതാണ്. ഒരു വ്യക്തി / ഗ്രൂപ്പിൽ നിന്നും ഒരു എൻട്രി മാത്രമേ പരിഗണിക്കുകയുള്ളൂ. മറ്റേതെങ്കിലും അവാർഡ് ലഭിച്ചതോ, സോഷ്യൽ മീഡിയകളിൽ പങ്കു വയ്ക്കപ്പെട്ടതോ ആയ കലാസൃഷ്ടികൾ മത്സരത്തിന് പരിഗണിക്കുന്നതല്ല.

2. ഹ്രസ്വചിത്രത്തിലെ അഭിനേതാക്കളിൽ ഒരാളെങ്കിലും നിർബന്ധമായും ഭിന്നശേഷിക്കാരനായ വ്യക്തിയായിരിക്കണം. ഇത് തെളിയിക്കുന്ന രേഖകൾ കൂടി ഇ-മെയിലിൽ നൽകേണ്ടതാണ്.

3. മത്സരത്തിനയക്കുന്ന ഹ്രസ്വചിത്രങ്ങൾ നിർദ്ദിഷ്ട മെയിൽ ഐഡിയിൽ മാത്രമേ അയക്കാൻ പാടുള്ളൂ. മത്സരഫലം വരുന്നതുവരെ പ്രസ്തുത വീഡിയോകൾ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളിൽ പ്രദർശിപ്പിക്കുവാൻ പാടുള്ളതല്ല.

4. **പ്രവേശന ഫീസ്** - മത്സരത്തിൽ പങ്കെടുക്കുന്നതിന് പ്രവേശന ഫീസ് ഇല്ല.

5. **ഹ്രസ്വ ചിത്രം പ്രമേയം** - "തനിച്ചല്ല നിങ്ങൾ ഒപ്പമുണ്ട് ഞങ്ങൾ" എന്നതായിരിക്കും ചിത്രത്തിന്റെ പ്രമേയം.

6. **ദൈർഘ്യം** - ഹ്രസ്വചിത്രത്തിന്റെ ദൈർഘ്യം മൂന്ന് മിനിറ്റിൽ കുറയാത്തതും അഞ്ച് മിനിറ്റിൽ കൂടാത്തതുമായിരിക്കണം.

7. **ഫിലിം ഫോർമാറ്റ്** - ഹ്രസ്വചിത്രം ഏത് രൂപത്തിലും (ഫിക്ഷൻ, ഡോക്യുമെന്ററി മുതലായവ) ഏതെങ്കിലും ഉപകരണമോ, ക്യാമറ സജ്ജീകരണമോ ഉപയോഗിച്ച് MP4 ഫോർമാറ്റിൽ Full HD യിൽ ചിത്രീകരിക്കാം.

**8.തലക്കെട്ടുകളും മറ്റു വിവരങ്ങളും** - ഹ്രസ്വചിത്രത്തിന്റെ നിർമ്മാതാവ് / എഴുത്തുകാരൻ / സംവിധായകൻ/ഗ്രൂപ്പ് എന്നിവയുടെ പേരുകൾ ഫിലിമിന്റെ ആദ്യ ഭാഗത്തോ അവസാനഭാഗത്തോ മാത്രമായി ഉൾപ്പെടുത്തേണ്ടതാണ്.

**9. ഹ്രസ്വചിത്രം സമർപ്പിക്കേണ്ട രീതി** - **unarvushortfilm@gmail.com** എന്ന ഇ - മെയിലിലേക്ക് "സാമൂഹ്യനീതി വകുപ്പ് - അന്താരാഷ്ട്ര ഭിന്നശേഷി ദിനം - ഉണർവ്വ് **Short Film Competition 2023 <Name of Applicant >**" എന്ന തലക്കെട്ടോടു കൂടി മേൽ നിർദ്ദേശിച്ച ഫിലിം ഫോർമാറ്റ് രീതിയിൽ അയച്ചു നൽകേണ്ടതാണ്. അപേക്ഷകന്റെ പൂർണ്ണമായ മേൽവിലാസം, ടെലഫോൺ, മൊബൈൽ നമ്പർ എന്നിവ ഇ മെയിലിൽ രേഖപ്പെടുത്തണം. എൻട്രികൾ ഓൺലൈനായി മാത്രമേ അയക്കാവൂ.

**9. അവസാന തീയതി** - **2023** നവമ്പർ **05** ന് വൈകുന്നേരം **5** മണി വരെ. നിശ്ചിത തീയതി ശേഷം ലഭിക്കുന്ന എൻട്രികൾ സ്വീകരിക്കുന്നതല്ല.

**10. സ്ക്രീനിംഗ് അവകാശങ്ങൾ** - ലഭിക്കുന്ന ഹ്രസ്വ ചിത്രങ്ങൾ സാമൂഹ്യനീതി വകുപ്പിന്റെ വെബ്സൈറ്റിൽ / സോഷ്യൽ മീഡിയയിൽ അപ്ലോഡ് ചെയ്യുന്നതുൾപ്പെടെ ഉചിതമെന്ന് തോന്നുന്ന ഏത് ആവശ്യത്തിനും ഉപയോഗിക്കാനുള്ള അവകാശം വകുപ്പിന് ഉണ്ടായിരിക്കും. അപേക്ഷാ ഫോമിൽ നൽകിയിരിക്കുന്നതു പോലെ ഇതുമായി ബന്ധപ്പെട്ട ഒരു അണ്ടർടേക്കിംഗ് കൃത്യമായി ഒപ്പിടുകയും സ്കാൻ ചെയ്ത പകർപ്പ് ഇ മെയിൽ വഴി ഹ്രസ്വചിത്രത്തിനോടൊപ്പം അയക്കുകയും വേണം. എന്നിരുന്നാലും പങ്കെടുക്കുന്നവർക്ക് അവരുടെ സൃഷ്ടിയിൽ അവകാശങ്ങൾ ഉള്ളതും, മറ്റേതെങ്കിലും മത്സരങ്ങളിൽ പങ്കെടുക്കുവാനുള്ള സ്വാതന്ത്ര്യം ഉണ്ടായിരിക്കുന്നതുമാണ്.

**11. അസാധുവായ എൻട്രികൾ** - അപൂർണ്ണമായ എൻട്രികൾ, മുകളിൽ പറഞ്ഞിരിക്കുന്ന നിബന്ധനകൾ പാലിക്കാത്തവ മത്സരത്തിന് പരിഗണിക്കുന്നതല്ല.

**12. മത്സര ഫലങ്ങൾ** - സാമൂഹ്യനീതി വകുപ്പിന്റെ **IEC** ടെക്നിക്കൽ കമ്മറ്റി ലഭ്യമായ എൻട്രികൾ പരിശോധിച്ച് വിജയികളെ നിശ്ചയിക്കുന്നതും, മത്സര ഫലങ്ങൾ സാമൂഹ്യനീതി വകുപ്പിന്റെ വെബ്സൈറ്റിൽ **www.sjd.kerala.gov.in** അപ്ലോഡ് ചെയ്യുന്നതുമാണ്. വേണ്ടത്ര ഗുണനിലവാരമില്ലാത്ത ചിത്രങ്ങളാണ് മത്സരത്തിനെത്തുന്നതെങ്കിൽ ടെക്നിക്കൽ കമ്മറ്റിക്ക് ക്യാഷ് അവാർഡിന് ചിത്രങ്ങൾ തിരഞ്ഞെടുക്കാതിരിക്കാനും അധികാരമുണ്ടായിരിക്കും. ടെക്നിക്കൽ കമ്മറ്റിയുടെ തീരുമാനം അന്തിമമായിരിക്കും.

**13. ഹ്രസ്വചിത്രത്തിന്റെ പോസ്റ്ററുകൾ** - അവാർഡിനായി അപേക്ഷിക്കുന്ന എൻട്രിയിൽ ചിത്രത്തിന്റെ പേര് ( മലയാളം / ഇംഗ്ലീഷ് ) തീം, പ്രധാന സംഘത്തിന്റെ പേരുകൾ എന്നിവ ഉള്ളടക്കം ചെയ്യുന്ന കളർ പോസ്റ്റർ (**A-3** വലുപ്പം) കൂടി അയക്കേണ്ടതാണ്. ( സോഫ്റ്റ് കോപ്പി).

**14. അവാർഡ് വിതരണം** - അവാർഡിന് തിരഞ്ഞെടുക്കപ്പെടുന്നവർക്ക് അവാർഡ് തുക, മെമന്റോ, സർട്ടിഫിക്കറ്റ് എന്നിവ അന്താരാഷ്ട്ര ഭിന്നശേഷി ദിനാഘോഷവുമായി ബന്ധപ്പെട്ട് നടക്കുന്ന സംസ്ഥാനതല പരിപാടിയിൽ വച്ച് നൽകുന്നതായിരിക്കും.

**15.** സാമൂഹ്യ നീതി വകുപ്പ് ഡയറക്ടർ അദ്ധ്യക്ഷനായുള്ള ടെക്നിക്കൽ കമ്മിറ്റി എൻട്രികൾ പരിശോധിച്ച് അവാർഡിന് അർഹമായ എൻട്രികൾ തിരഞ്ഞെടുക്കുന്നതാണ്. ടെക്നിക്കൽ കമ്മിറ്റിയുടെ തീരുമാനം അന്തിമം ആയിരിക്കുന്നതാണ്.

**സാമൂഹ്യനീതി വകുപ്പ്**

**അന്താരാഷ്ട്ര ഭിന്നശേഷി** ദിനം - **ഉണർവ്വ് - 2023**

**ഹ്രസ്വചിത്ര മത്സരം - 2023 (Short Film Competition - 2023)**

**അപേക്ഷാ മാതൃക**

| | | |
|---|---|---|
| 1 | മത്സരാർത്ഥിയുടെ/ സംഘടനയുടെ പേര് | |
| 2 | മേൽവിലാസം | |
| 3 | ടെലഫോൺ/മൊബൈൽ നമ്പർ | |
| 4 | ഇ മെയിൽ വിലാസം | |
| 5 | ഹ്രസ്വചിത്രത്തിന് തിരഞ്ഞെടുത്ത വിഷയം | |
| 6 | ഹ്രസ്വചിത്രത്തിന്റെ സമയദൈർഘ്യം | |

**Undertaking by the Applicant**

2023 ഡിസമ്പർ 3 അന്താരാഷ്ട്ര ഭിന്നശേഷി ദിനത്തോടനുബന്ധിച്ച് സാമൂഹ്യനീതി വകുപ്പ് സംഘടിപ്പിക്കുന്ന ഷോർട്ട് ഫിലിം മത്സരത്തിൽ

പങ്കെടുക്കുന്നതിനായി...........................................................................................

.......................................................................................................................

.............................................................................. പേരുള്ള ഞാൻ / ഞങ്ങൾ മുകളിൽ നൽകിയിരിക്കുന്ന വിശദാംശങ്ങൾ പ്രകാരം അപേക്ഷകൻ / അപേക്ഷകർ എന്ന നിലയിൽ ഷോർട്ട് ഫിലിം അയക്കാൻ എനിക്ക് / ഞങ്ങൾക്ക് അവകാശമുണ്ടെന്ന് ഇതിനാൽ അറിയിക്കുന്നു. മത്സരത്തിന്റെ എല്ലാ നിബന്ധനകളും വ്യവസ്ഥകളും വായിക്കുകയും അവയോട് പൂർണ്ണമായി യോജിക്കുകയും ചെയ്യുന്നു. സാമൂഹ്യനീതി വകുപ്പിന് അതിന്റെ വെബ്സൈറ്റിൽ / സോഷ്യൽ മീഡിയയിൽ അപ്ലോഡ് ചെയ്യുന്നതുൾപ്പെടെ ഉചിതമെന്ന് തോന്നുന്ന ഏത് ആവശ്യത്തിനും ഷോർട്ട് ഫിലിം ഉപയോഗിക്കാനുള്ള അവകാശം ഉണ്ടായിരിക്കുന്നതും, ആയതുമായി ബന്ധപ്പെട്ട് ഏതെങ്കിലും രീതിയിൽ തർക്കം ഉണ്ടായാൽ ആയത് കൈകാര്യം ചെയ്യേണ്ടത് എന്റെ

മാത്രം ഉത്തരവാദിത്വമാണ് എന്നും മനസ്സിലാക്കുന്നു. പ്രസ്തുത കലാസൃഷ്ടി മറ്റേതെങ്കിലും അവാർഡ് ലഭിച്ചിട്ടുള്ളതോ സോഷ്യൽ മീഡിയയിൽ പങ്കു വയ്ക്കപ്പെട്ടതോ അല്ല എന്നും ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

അപേക്ഷകന്റെ/ അപേക്ഷകരുടെ ഒപ്പ്

അപേക്ഷകന്റെ/ അപേക്ഷകരുടെ പേരുകൾ